**പതിമൂന്നാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ :248** **15.12.2015 ലെ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ അവകാശനിയമം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ് ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുംവിധത്തിൽ സ്കൂളുകളുടെ ഘടനാമാറ്റം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും 2009 ലെ കേന്ദ്രവിദ്യാഭ്യാസഅവകാശ നിയമപ്രകാരം പ്രാഥമികവിദ്യാഭ്യാസം 1 മുതൽ 8 വരെ ക്ലാസുകളിലായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്രനിയമത്തിന്റെ ചുവടുപിടിച്ച് 30.4.2011 ലെ ജി.ഒ(പി) 100/11/പൊവിവ പ്രകാരം സംസ്ഥാനം വിദ്യാഭ്യാസഅവകാശചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം ആ പ്രദേശത്തെ വിദ്യാഭ്യാസആവശ്യവും നിലവിലുള്ള അയൽപക്ക സ്കൂളുകളിൽ ആവശ്യമായ ക്ലാസുകളുടെ ലഭ്യതയും ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യക്തമായ ശുപാർശയും കണക്കിലെടുത്ത് നിലവിലുള്ള 1 മുതൽ 4 വരെ ക്ലാസുകളുള്ള ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ 5 മുതൽ 8 വരെയും നിലവിലുള്ള 5-ാംക്ലാസ് മുതലുള്ള സ്കൂളുകളിൽ 1 മുതൽ 4 വരെ ക്ലാസുകളും ചേർത്ത് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഘട്ടംഘട്ടമായി പരിശോധിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽകേരളത്തിലെ വിദ്യാഭ്യാസസാഹചര്യവും, സാമ്പത്തികാവസ്ഥയും കണക്കിലെടുക്കുമ്പോൾ യാന്ത്രികമായ ഒരു ഘടനാമാറ്റം വൻ സാമ്പത്തിക ബാധ്യതയ്ക്കും ധാരാളമായി അധ്യാപകരുടെ അശാസ്ത്രീയമായ തരംതാഴ്ത്തലുകൾക്കും |

പുനർവിന്യാസത്തിനും കാരണമാകുമെന്നു കണ്ടതിനാൽ 3.5.2013 ലെ ജി.ഒ(എം.എസ്) 154/13/പൊവിവ നമ്പരായി കേരളത്തിൽപ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ പ്രഖ്യാപിച്ചുകൊണ്ടും V _ാം ക്ലാസുൾപ്പെട്ട യു.പി. സ്കൂളുകളെയെല്ലാം ലോവർ & അപ്പർ പ്രൈമറി സ്കൂളുകൾ എന്നും VIII ാം ക്ലാസുൾപ്പെട്ട ഹൈസ്കൂളുകളെ അപ്പർപ്രൈമറി & ഹൈസ്കൂളുകൾ എന്നും പുനർനാമകരണം ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന വിഷയം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ